# റസിയ

**ഷീബ അമീർ**

റസിയ... എന്തൊരു മിടുക്കിയാണവൾ മുഖത്ത് എന്തൊരു പ്രകാശമാണ്. എപ്പോഴും ചിരിച്ച മുഖം. വെളുത്ത് കൊലുന്നനെയുള്ള പെൺകുട്ടി. അവളെ ആദ്യമാദ്യം കണ്ടുപരിചയിച്ചത് മെഡിക്കൽ കോളേജിലെ കുട്ടികളുടെ Isolation wardൽ ആണ്. മാസ്ക് ധരിച്ച, മൂന്നു വയസ്സുള്ള ഒരു കുഞ്ഞിനെ തോളത്തിട്ടിട്ടുണ്ട്. ആ കുഞ്ഞിനെ അവൾ പരിചരിക്കുന്നതു കണ്ടാൽ അവളുടെ മകളല്ല അത് എന്ന് ആരും പറയില്ല. സ്വന്തം കുഞ്ഞിനെ എന്നപോലെ അവൾ കൊണ്ടുനടക്കുന്നത് അവളുടെ ചേച്ചിയുടെ കുഞ്ഞിനെയാണ്. രഹ്ന. അതാണാകുഞ്ഞിന്റെ പേര്. മാസ്ക് മാറ്റി ആ കുഞ്ഞിന്റെ മുഖത്ത് ഞാൻ ഇക്കാലമത്രയായിട്ടും ഒരിക്കലേ നോക്കിയിട്ടുള്ളൂ. അത്രയ്ക്കും ഓമനത്തം തുളുമ്പുന്ന ഒരു കുഞ്ഞ്. രഹ്നയുടെ വാപ്പ ആദ്യം വേറെ കല്യാണം കഴിച്ചിട്ടുണ്ട്. അതിൽ കുഞ്ഞുങ്ങളും ഉണ്ട്. ഭാര്യ മരിച്ചപ്പോഴാണു റസിയയുടെ ജ്യേഷ്ഠത്തിയെ കല്യാണം കഴിച്ചത്. അയാളുടെ ഉദ്ദേശ്യം ആദ്യത്തെ മക്കളെ നോക്കാൻ ഒരാൾ എന്നതു മാത്രമായിരുന്നിരിക്കണം. ഈ കുഞ്ഞിനോടും അതിന്റെ മൂത്ത കുഞ്ഞിനോടും അയാൾക്ക് ഒരു പ്രതിപത്തിയും ഇല്ല. രഹ്നയ്ക്കു സുഖമില്ലാതായിട്ടുപോലും അവളെ നോക്കാൻ അയാൾ സമ്മതിക്കാറില്ല. റസിയം പറയാറിങ്ങനെയാണ്: "പ്രസവിച്ച കാലം തൊട്ട് ഞാൻ തന്നെയാണീ കുഞ്ഞിനെ നോക്കിയത്, അസുഖം വന്നപ്പോൾ ഇതിനെ കളയാൻ പറ്റുമോ" കുഞ്ഞിനു രക്താർബുദത്തിന്റെ ചികിത് നടന്നുകൊണ്ടിരിക്കുകയാണ്. ആ സമയങ്ങളിലൊക്കെ പെയിൻ & പാലിയേറ്റീവ് കെയറിന്റെ ഭാഗമായി എല്ലാ വെള്ളിയാഴ്ചയും ഞാൻ മെഡിക്കൽകോളേജിലെ ലൂക്കേമിയ വാർഡിൽ പോകുമായിരുന്നു. ഓരോ തവണ രഹ്നയ്ക്കു ബുദ്ധിമുട്ടുകൾ വരുമ്പോഴും അവളുടെ കുഗ്രാമത്തിൽനിന്ന് ഒരു വണ്ടിപോലും കിട്ടാതെ, ഒരാളും സഹായിക്കാനില്ലാതെ, കയ്യിൽ നൂറു രൂപപോലും ഇല്ലാതെ, ഇട്ട വേഷത്തിൽ കുഞ്ഞിനെ തോളത്തിട്ട് ഇറങ്ങിയോടി ആശുപത്രിയിലെത്തിക്കാനെടുത്ത ബുദ്ധിമുട്ടുകൾ അവൾ പറയും. രണ്ടാങ്ങളമാരുള്ളതിൽ ഒരാൾ മന്ദബുദ്ധിയാണ്. അവളുടെ ബാപ്പയും ഒരാങ്ങളും ജോലിയെടുക്കുന്നു. വാപ്പ ഏതോ വീട്ടിലാണ് ജോലിക്കു നിൽക്കുന്നത്. ആങ്ങള കോയമ്പത്തൂരിലും.

പിന്നെയപ്പോഴോ റസിയയെ ഞാൻ പാലിയേറ്റീവ് കെയർ ക്ലിനിക്കിലും കണ്ടുതുടങ്ങി. അവളുടെ ഉമ്മയ്ക്കു കാൻസറാണ്. ഒരു രക്ഷയും ഇല്ല. അനങ്ങാനാവാതെ കിടപ്പായിരിക്കുന്നു. ഈ കുട്ടിയെന്താ ദുരന്തങ്ങളുടെ കൂട്ടുകാരിയോ!! പലപ്പോഴും ഞാനാലോചിച്ചിട്ടുണ്ട്. എങ്കിലും റസിയയെ തകർന്നു കണ്ടിട്ടില്ല. എപ്പോഴും പ്രസന്നമായ ഭാവം. ഈ പെൺകുട്ടി രാത്രിയൊക്കെ തനിച്ചു രഹ്നയെയും കൊണ്ട് ആശുപത്രിയിൽ വരുമ്പോഴൊക്കെ എന്തെങ്കിലും സംഭവിച്ചാലോ എന്നു പലപ്പോഴും ഞാൻ ആവലാതിപ്പെട്ടിട്ടുണ്ട്. അവളെ അത്ര എളുപ്പം ആർക്കും ഒന്നും ചെയ്യാനാവില്ല എന്ന് അടുത്ത നിമിഷം തന്നെ സമാധാനിക്കും. അവൾക്ക് ഉള്ളിൽ അത്രയ്ക്കേറെ കരുത്തുണ്ട്. ഒരു കർമ്മയോഗിയുടെ കരുത്ത്.

ഇക്കഴിഞ്ഞ മഴക്കാലത്താണ് ഞാനവളെ കൂടുതൽ അറിഞ്ഞത്. ഈ രണ്ടുപേരുടേയും ചികിത്സയ്ക്കു വന്ന കടങ്ങൾ വീട്ടാൻ വീടു വിറ്റു. തകരപ്പാട്ടകൊണ്ടുണ്ടാക്കിയ കൂരയിലേക്കവർ മാറി. ചോർന്നൊലിക്കുന്ന വീട്. രഹ്നയെ കീമോതെറാപ്പി കവിഞ്ഞു വീട്ടിൽ കൊണ്ടുപോയാൽ ഉടനെ തിരിച്ചുവരേണ്ടിവരും. കാരണം എന്തെങ്കിലും ഇൻഫെക്ഷൻ അതിനകം വന്നുപെട്ടിട്ടുണ്ടാകും. വീട്ടിൽ ചോരാത്ത ഒരു സ്ഥലമില്ല. നിലം മുഴുവൻ ചെളിയാകും. ഒരു കട്ടിലുള്ളതിൽ എഴുന്നേൽക്കാൻ വയ്യാത്ത ഉമ്മ കിടക്കുകയാണ്. ഇൻഫക്ഷൻ വന്നാൽ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുവരാൻ പിന്നെ പേടിയാണ്. ശ്രദ്ധിക്കാത്തതിന് ഡോക്ടർമാർ വഴക്കുപറയും. കോയമ്പത്തൂരുള്ള ആങ്ങളയെ കാണണം എന്ന് ഉമ്മ സങ്കടപ്പെടുമ്പോൾ അവനോടു വരാൻ പറഞ്ഞാൽ അവൻ കൂട്ടാക്കുകയേ ഇല്ല. ആകെ അവന്റെ വരുമാനമായ 1550 ക ശമ്പളത്തിൽനിന്ന് അവന്റെ ചിലവു കഴിച്ചു ബാക്കി അയച്ചുകൊടുക്കും: "ഞാനെന്തിനാ റസിയാ വരുന്നത്. എനിക്ക് ഈ ദുരിതം കണ്ടുമടുത്തു" എന്നാണവന്റെ വാക്കുകൾ. ഏറെ നിർബന്ധിച്ചാൽ രാവിലെ എത്തി ഉച്ചയ്ക്കു തിരിച്ചുപോകും.

റസിയ കുറേ ആശ്വാസത്തിലാണിപ്പോൾ. ഉമ്മയെ ശ്രദ്ധിക്കാൻ പാലിയേറ്റീവ് കെയർ ഉണ്ട്. രഹ്നയും മെഡിക്കൽ കോളേജിന്റെ ശ്രദ്ധയിൽ സുഖപ്പെട്ടുവരുന്നു. അതിനേക്കാളേറെ മഴക്കാലം മാറിയിരിക്കുന്നു. ദുരിതങ്ങൾക്കു തൽക്കാലശമനം.

ഇന്നലെ അവളെ ക്ലിനിക്കിൽ കണ്ടപ്പോൾ മുഖത്താകെ പരിഭ്രമം. മരുന്നുകിട്ടാൻ മറ്റുള്ളവരെപ്പോലെ തിരക്കുവെക്കാതെ ക്ഷമയോടെ കാത്തിരിക്കുന്നതിനിയ്ക്കു പലപ്പോഴും അവൾ എഴുന്നേറ്റു പുറത്തേയ്ക്കു പോകുന്നത് ശ്രദ്ധയിൽപെട്ടു. തിരക്കൊഴിഞ്ഞപ്പോൾ ഞാൻ അടുത്തു ചെന്നു വിവരം അന്വേഷിച്ചു. നെന്മാറ, പോത്തുണ്ടിയിൽനിന്ന് ഇത്ര ദൂരം എത്തിയപ്പോൾ ഉമ്മാടെ വിവരം ഒന്നുകൂടി അറിയാൻ അടുത്ത വീട്ടിലേക്കു വിളിച്ചപ്പോൾ കിട്ടിയ വിവരത്തിന്റെ പരിഭ്രമത്തിലായിരുന്നു അവൾ. മന്ദബുദ്ധിയായ ആങ്ങള ഒരു പെട്ടിഓട്ടോറിക്ഷയിൽനിന്ന് വീണു തലയ്ക്കു പരിക്ക്. നാട്ടുകാർ ആശുപത്രിയിൽ കൊണ്ടുപോയിരിക്കുന്നു. അതാണവളുടെ പരിഭ്രമം. ആ വിവരങ്ങൾ അവൾ ഇടയ്ക്കിടെ വിളിച്ച് അന്വേഷിക്കുന്നതിനാണു പുറത്തുപോകുന്നത്. ഞാൻ സ്തബ്ധയായിനിന്നപ്പോൾ അവൾ ആദ്യമായി എന്നോടു മുഖം ചേർത്ത് തേങ്ങി: "5-ാം ക്ലാസ് കഴിഞ്ഞപ്പോൾ തൊട്ട് ഓരോ വീട്ടിൽ അടുക്കളപ്പണിക്കു നില്ക്കുമ്പോൾ തുടങ്ങിയ ദുരിതങ്ങളാണ്."

തളരല്ലേ കുട്ടീ, നീ കരുത്തുള്ളവളല്ലേ എന്ന് ഞാൻ ആശ്വസിപ്പിക്കാൻ ശ്രമിച്ചപ്പോൾ അവൾ ഇടതുകൈതണ്ട നിവർത്തികാണിച്ചു. ഞരമ്പു മുറിച്ചു മരിക്കാൻ ശ്രമിച്ചതിന്റെ പത്തുപതിനഞ്ചു മുറിപ്പാടുകൾ. ഞാൻ കണ്ട കരുത്തിന് അവൾ കൊടുക്കുന്ന വില. അതുമല്ലെങ്കിൽ രക്ഷപ്പെട്ടുപോകാൻ "കോയമ്പത്തൂർ" ഇല്ലാതിരുന്ന ഒരു ഇരുപത്തിരണ്ടുകാരിയുടെ നിസ്സഹായത.

കുറിപ്പ്:

"ഇതൊരു കഥയല്ല. നമ്മുടെ ചുറ്റും കാണുന്ന ദുരിതങ്ങളിൽ ഒന്നുമാത്രം. അവളെ തൊട്ടു കാണിക്കണമെങ്കിൽ തൃശൂർ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ക്ലിനിക്കിൽ വന്നാൽ മതി"

• • • • • • • • • • • •